**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 54 — 02-03-2020-ൽ മറുപടിക്ക്.

## അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം
ശ്രീ.റ്റി.വി.രാജേഷ്

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി കൂടുതൽ സേവനം ലഭ്യമാക്കുന്നതിനും അക്ഷയ കേന്ദ്രങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; കണ്ണൂർ ജില്ലയിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണ് നിലവിലുള്ളതെന്നറിയിക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനുള്ള അംഗീകൃത സേവന കേന്ദ്രങ്ങൾ അക്ഷയകേന്ദ്രങ്ങൾ മാത്രമായി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾ മുഖേന ലഭിക്കുന്ന സർക്കാർ സേവനങ്ങളുടെ എണ്ണം വിപുലപ്പെടുത്തിക്കൊണ്ട് അക്ഷയകേന്ദ്രങ്ങളുടെ സേവന വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>റേഷൻ കാർഡ് സംബന്ധിച്ച സേവനങ്ങൾ, വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളിലേക്കുള്ള പേയ്മെന്റുകൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ്, കേരള കരകൗശല വികസന തൊഴിലാളികളുടെ രജിസ്ട്രേഷൻ, ഇ-ഡിസ്ട്രിക്റ്റ് സേവനങ്ങൾ, പ്രവാസി ക്ഷേമനിധി അംശാദായ അടവ് തുടങ്ങിയവ ഉൾപ്പെടെ നിരവധി സേവനങ്ങൾ അക്ഷയവഴി നൽകി വരുന്നുണ്ട്. ഹോസ്പി ക്യാഷ്, യൂസ്ഡ് കാർ ലോൺസ് തുടങ്ങി സാധ്യമായ B2C (Business to Citizen) |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ അക്ഷയയിലൂടെ നടപ്പാക്കി തുടങ്ങി. എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ചൈൽഡ് ആധാർ എൻറോൾമെന്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ് എന്നിവ ചെയ്യുന്നതിനായി സംരംഭകർക്ക് സൗജന്യമായി ടാബ് വിതരണം ചെയ്തു. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് ആധാർ എൻറോൾമെന്റിനുള്ള കിറ്റ് സൗജന്യമായി നൽകുകയും ചെയ്തു. ആധാർ അപ്ഡേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും സിംഗിൾ ഫിംഗർ പ്രിന്റ് ഡിവൈസ് സൗജന്യമായി അനുവദിച്ചു. തൊഴിലാളി ക്ഷേമനിധി ബോർഡ് രജിസ്ട്രേഷൻ, പിന്നാക്ക വിഭാഗ വികസന കോർപറേഷൻ പേയ്മന്റ് എന്നിവ ഇ-ഡിസ്ട്രിക്ടിൽ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br>അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് നൽകേണ്ട സർവ്വീസ് ചാർജ്ജ് കാലികമായി പരിഷ്കരിക്കുകയും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ നിരക്ക് ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂ എന്നും |

| | | | |
|---|---|---|---|
| | | | ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് കൃത്യമായ രസീത് നൽകേണ്ടതാണെന്നും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്ക വിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർ തലത്തിലും സർക്കാർ തലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിൽ 221 അക്ഷയ കേന്ദ്രങ്ങളാണ് നിലവിൽ പ്രവർത്തിച്ച വരുന്നത്. കൂടാതെ 10 അക്ഷയ കേന്ദ്രങ്ങളിലേക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പുതുതായി അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമെന്നറിയിക്കാമോ? | (ബി) | രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഏറ്റവും കുറഞ്ഞത് 1.5 കി.മീ ആയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾക്കായുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിനായി അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി സംരംഭകരെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ